മാതൃഭൂമി

12 December 2023

# സി.എം.എഫ്.ആർ.ഐ. ശില്പശാല തുടങ്ങി

കൊച്ചി ▸ മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വേണമെന്ന് ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിക്കുന്ന ദശദിന രാജ്യാന്തര ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമുദ്രവിഭവങ്ങളുടെ ചൂഷണവും വിനിയോഗവും സന്തുലിതമാകണമെന്നും അദ്ദേഹം പറഞ്ഞു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

സി.എം.എഫ്.ആർ.ഐ. മാരികൾച്ചർ വിഭാഗം മേധാവി ഡോ. വി.വി.ആർ. സുരേഷ്, ഡോ. ടി.എം. നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു.




സി.എം.എഫ്.ആർ.ഐ. സംഘടിപ്പിക്കുന്ന രാജ്യാന്തര ശില്പശാല ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത് ഉദ്ഘാടനം ചെയ്യുന്നു